# Malayala Manorma
# 24 August 2018
# Chalakkudy; Chalakkudy Flood

## ചാലക്കുടി മുങ്ങിയത് ഇങ്ങനെ



മേയ് ഒൻപതു മുതൽ പെരിങ്ങൽക്കുത്ത് ഡാമിന്റെ ഷട്ടറുകൾ തുറന്നിരിക്കുകയായിരുന്നു. ഓഗസ്റ്റ് 14ന് പെരിങ്ങൽകുത്തിലെ ജലനിരപ്പ് പരമാവധി ശേഷിയായ 424 മീറ്റർ എത്തി. തുടർന്ന് ഏഴു ഷട്ടറുകളും 3.6 മീറ്റർ (12 അടി) വീതവും രണ്ട് സ്ലൂയിസ് കനാലുകൾ 5.1 മീറ്റർ (18 അടി) വീതവും ഉയർത്തി. പെരിങ്ങൽകുത്ത് നിറഞ്ഞൊഴുകുന്ന കാഴ്ചയാണു പിന്നീടു കണ്ടത്. ചാലക്കുടിപ്പുഴ കരകവിഞ്ഞു ഗതി മാറി ഒഴുകി.

മഴവെള്ളപ്പാച്ചിലിൽ ഒഴുകിയെത്തിയ വന്മരങ്ങൾ ഡാമിൽ ഷട്ടറുകൾക്കിടയിൽ പെട്ടു. ഓഗസ്റ്റ് 14ന് തുറന്ന ഷട്ടറുകൾ ഇതുവരെ അടയ്ക്കാനായിട്ടില്ല. ഡാമിലെ വെള്ളം ഏറിയ പങ്കും ഒഴുകിപ്പോയി.

### പീച്ചി

പരമാവധി 79.25 മീറ്ററാണ് ജലനിരപ്പ്. ജൂലൈ 24ന് ജലനിരപ്പ് ഉയർന്നപ്പോൾ ആദ്യ മുന്നറിയിപ്പ്. തുടർന്ന് 26ന് ജലനിരപ്പ് 78.60 മീറ്ററായപ്പോൾ രണ്ടാമത്തെ ജാഗ്രതാ നിർദേശം. 27ന് അണക്കെട്ടിലെ നാലു ഷട്ടറുകളും ഒരിഞ്ചു വീതം തുറന്നു. മഴ വീണ്ടും ശക്തിപ്പെട്ടതോടെ 14, 15 തീയതികളിൽ ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്തെങ്കിലും അറിയിപ്പു നൽകിയില്ല.

ഓഗസ്റ്റ് 16ന് ആദ്യമായി നാലു ഷട്ടറുകളും ഒന്നര മീറ്റർ വീതം തുറന്നു. മുന്നറിയിപ്പു നൽകിയില്ല.

### ചിമ്മിനി

ചിമ്മിനിയുടെ പരമാവധി ജലനിരപ്പ് 79 മീറ്ററാണ്. മൂന്നാമത്തെ മുന്നറിയിപ്പ് ഓഗസ്റ്റ് 10ന്. നാലു ഷട്ടറുകളും അഞ്ച് സെന്റിമീറ്റർ വീതം തുറന്നു. 13നു ഷട്ടറുകൾ 12 സെന്റീമീറ്റർ ഉയർത്തി. ജലനിരപ്പ് ഉയർന്നതോടെ 16നു 1.20 മീറ്ററാക്കി. കുറുമാലിപ്പുഴ കരകവിഞ്ഞു. മുന്നറിയിപ്പു നൽകിയിരുന്നു.

### വാഴാനി

പരമാവധി ജലനിരപ്പ് 62.48 മീറ്ററായ വാഴാനിയിൽ അഞ്ചു വർഷത്തിനു ശേഷം ഓഗസ്റ്റ് രണ്ടിന് മുന്നറിയിപ്പു നൽകിയ ശേഷം നാലു ഷട്ടറും രണ്ടു സെന്റിമീറ്റർ വീതം തുറന്നു. ഓഗസ്റ്റ് 16നു ചരിത്രത്തിലാദ്യമായി ഷട്ടറുകൾ 60 സെന്റിമീറ്റർ ഉയർത്തി. വടക്കാഞ്ചേരിപ്പുഴ നിറഞ്ഞൊഴുകി.